# എന്റെ ഇടശ്ശേരി

**അക്കിത്തം**

പ്രിയപ്പെട്ട വാസൂ,

വെള്ളിയാഴ്ച മാറ്റർ പ്രസ്സിൽ കൊടുക്കണമെന്നാണല്ലോ വാസു വീണ്ടും എഴുതിയ കത്തിലുള്ളത്. ഇത് വ്യാഴാഴ്ച രാത്രിയാണ്. എന്താണ് ഈ കത്തിൽ ഞാനെഴുതുക എന്നെനിക്ക് നിശ്ചയമില്ല. ഇടശ്ശേരി മരിച്ചു എന്ന് കേട്ടപ്പോളാണ് ആദ്യമായി ആപ്പീസിൽവച്ച് പൊട്ടിപ്പൊട്ടിക്കരഞ്ഞത്. ഉടനെ ഓർമ വന്നു. കുമരനെല്ലൂരിൽവെച്ച് നാട്ടുകാർ എനിക്ക് നൽകിയ സ്വീകരണയോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ശ്രീ ഇടശ്ശേരി ഇടത്തുഭാഗത്തിരിക്കുന്ന എന്റെ നേരെ തല ചെരിച്ചു ചിരിച്ചുകൊണ്ടു പറഞ്ഞു: “തങ്ങളുടെ ആരാധനാപാത്രമായ കവി എത്ര ദുർബലൻ എന്നായിരിക്കും സദസ്സിലുള്ളവർ ഇപ്പോൾ വിചാരിക്കുന്നത്. അപ്പോഴാണ് ഞാനറിഞ്ഞത് എന്റെ രണ്ട് കവിളിലൂടെയും കണ്ണീരൊഴുകുന്നുണ്ടായിരുന്നു. ‘കവിയുടെ പരാജയം’ എന്ന എന്റെ കവിത ഒരു കുട്ടി മൈക്കിലൂടെ ആലപിച്ചുകൊണ്ടിരിക്കുകയായിരുന്നു അപ്പോൾ. ആ കവിത മികച്ച ഒന്നാണോ എന്നു ചോദിച്ചാൽ നിശ്ചയമില്ല. പക്ഷേ, ആ കവിതയിലെ സത്യം ഇത്ര ശക്തിയായി പ്രതികാരം ചെയ്യുമെന്ന് അതെഴുതിയപ്പോൾ വിചാരിച്ചില്ല. അങ്ങിനെയൊന്നെഴുതിയതിൽ ലജ്ജയും പശ്ചാത്താപവും തോന്നിപ്പോയി.

സമ്മേളനം കഴിഞ്ഞ് പിരിയുമ്പോൾ ഞാനദ്ദേഹത്തോട് പറഞ്ഞു: “ഇടശ്ശേരി ശക്തിയുടെ കോട്ടയാണ്. എനിക്ക് വല്ല ശക്തിയുമുണ്ടെങ്കിൽ അത് എന്റെ അശക്തി മാത്രമാണ്.”

ഇടശ്ശേരി പൊട്ടിച്ചിരിച്ചു.

എന്നാൽ ഇടശ്ശേരിയോട് ഞാൻ പറഞ്ഞത് തെറ്റായിരുന്നു എന്ന് പൊന്നാനിയിലേക്ക് പായുന്ന ബസ്സിലിരുന്നു വീണ്ടും വീണ്ടും കിതയ്ക്കുമ്പോൾ അറിയാതെ കണ്ണുകൾ കുതിർന്നു വഴിയുമ്പോൾ, എനിക്ക് തോന്നി. എനിക്കുള്ള എല്ലാ ശക്തിയും ഇടശ്ശേരി തന്നെയായിരുന്നു.

പൊന്നാനിയിൽ ചെന്ന്, പുതച്ചുകിടന്ന് അവസാനനിദ്രാസുഖമനുഭവിക്കുന്ന ആ മുഖത്തേയ്ക്ക് ഇമവെട്ടാതെ നോക്കി നിൽക്കാനുള്ള ധീരത അദ്ദേഹം തന്നെയാണെനിക്കു നൽകിയത്. എത്ര നേരമാണ് ഞാനങ്ങനെ നിന്നുപോയത്! പിന്നെ ഞാൻ കരഞ്ഞില്ല. ആ മുഖത്തെ ചുളിവുകളും കാക്കപ്പുള്ളികളും ഇനി ഞാൻ കാണുകയില്ല എന്ന ബോധത്താൽ ശ്രദ്ധയോടു കൂടിത്തന്നെയാണ് നോക്കിയത്. ഈ മനുഷ്യൻ മഹാനായിരുന്നു. മഹാത്മജിയെ കാണാൻ കഴിയാത്തതിലുള്ള ദുഃഖം എന്നിൽ നിന്നു പിഴുതുകളഞ്ഞത് ഈ മനുഷ്യനാണ്. മുപ്പത്തിനാല് വർഷങ്ങൾക്കിടയിൽ ഈ മനുഷ്യനെ കണ്ടുമുട്ടിയ ആയിരം മുഹൂർത്തങ്ങളിൽ ഓരോന്നിലും ഈ മനുഷ്യൻ എന്നോട് പറഞ്ഞ ഓരോ വാക്കും ദൈവികമായ പ്രകാശം പൊഴിക്കുന്നവയായിരുന്നു. ഇടശ്ശേരി എന്തു പറയുകയാണെങ്കിലും ശരി, അതു പറയുമ്പോൾ പെട്ടെന്ന് അദ്ദേഹത്തിന്റെ കാലടികൾ ഭൂസ്പർശം വെടിയുന്നു എന്ന തോന്നൽ എത്ര പ്രാവശ്യമാണ് ഞാൻ മനസ്സിൽ വെച്ച് നുണച്ചിറക്കിയിട്ടുള്ളത്!

ആദ്യവും അവസാനവുമായി ആ പരമാചാര്യപാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തെഴുന്നേറ്റപ്പോൾ, ചിതയിലെ ഉജ്ജ്വലദുഃഖാന്തരീക്ഷത്തെ, മുഴുവൻ പ്രകാശിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, ഞാൻ മടങ്ങിപ്പോന്നു. മുന്നിലെ ഇരുട്ടിന്റെ കല്ലും മുള്ളും ചിതറിയ ഇടവഴികളിലൂടെ മെല്ലെ മെല്ലെ മുന്നോട്ട് മുന്നോട്ട്.

ഇപ്പോൾ ഞാൻ മറ്റൊരാളാണ്. അവസാനമായി ഇടശ്ശേരിയെ കണ്ടത് മരിക്കുന്നതിന് ഒന്നര മാസം മുൻപ് അദ്ദേഹം കോഴിക്കോടുനിലയത്തിൽ പ്രഭാഷണം ശബ്ദലേഖനം ചെയ്യാൻ വന്ന സന്ദർഭത്തിലായിരുന്നു. ഇടശ്ശേരിയുടെ ഭാവത്തിലും ചര്യകളിലും പണ്ടെന്നത്തേക്കാളുമധികം പ്രശാന്തമാധുര്യം കലരാൻ തുടങ്ങിയിരിക്കുന്നു എന്നൊരു ബോധം എന്റെ മനസ്സിൽ അങ്കുരിച്ചിട്ട് രണ്ടോ മൂന്നോ കൊല്ലമായിട്ടുണ്ട്. കടലിന്നടുത്തെത്തുമ്പോൾ ഭാരതപ്പുഴയ്ക്കുള്ള പ്രശാന്തഗാംഭീര്യം അദ്ദേഹം പ്രകടിപ്പിച്ചു തുടങ്ങിയിരുന്നു. അക്കാരണത്താൽ അദ്ദേഹവുമായി ഇടപഴകാൻ കിട്ടുന്ന ഓരോ സന്ദർഭവും ഒരു മധുരപാനീയമെന്നപോലെ കോരിക്കുടിക്കാൻ തോന്നുക എന്നതും ഇയ്യിടെ എന്റെ സ്ഥിരമായ അനുഭവമായിത്തീർന്നിരുന്നു. അതുകൊണ്ടാവാം, കൈപ്പടംവരെ നീണ്ടുവെളുത്ത ജുബ്ബക്കൈയിന്നുള്ളിൽനിന്നു പുറത്തുവന്ന കൈകൾകൊണ്ട് അദ്ദേഹം ഉയർത്തിപ്പിടിച്ച കടലാസ്സിലേക്ക് കണ്ണടയിലൂടെ ഉറ്റുനോക്കി പ്രക്ഷേപണം നിർവഹിക്കുകയായിരുന്ന പതിനാലു മിനുട്ടു നേരവും മേശയുടെ എതിർഭാഗത്തെ കസേരയിലിരിക്കുന്ന ഞാൻ ചെയ്തിരുന്നത് അദ്ദേഹത്തിന്റെ മുഖത്തെ ചുളിവുകളും കാക്കപ്പുള്ളികളും എണ്ണിനോക്കുകയായിരുന്നു. അദ്ദേഹത്തിന്റെ നെറ്റിയിൽ അഞ്ചോ ആറോ ആഴമുള്ള കിടങ്ങുകളുണ്ടെന്ന് അപ്പോഴാണ് ഞാനറിഞ്ഞത്. കാക്കപ്പുള്ളികളാകട്ടേ, ആ മുഖത്ത് നൂറിൽ കുറവായിരിക്കയില്ല. ജാനകിയമ്മപോലും ഇത്രവളരെ കാക്കപ്പുള്ളി ഈ മുഖത്തുണ്ടെന്ന് കണ്ടുപിടിച്ചിട്ടില്ല എന്നു വരുമോ? അതുവരില്ല. ഞാൻ വിചാരിച്ചു. പ്രക്ഷേപണം കഴിഞ്ഞ് സ്റ്റുഡിയോവിൽനിന്ന് പുറത്തു കടക്കുമ്പോൾ ഞാനാരൂപം വീണ്ടും വീണ്ടും കണ്ടാസ്വദിച്ചു. പണ്ടെത്രയോ തവണ നോക്കിനിന്ന് കൗതുകം കൊണ്ടിട്ടുള്ള ആ കാലടികളുടെ പ്രത്യേക രൂപത്തിലുള്ള പരപ്പും വളവുകളും

വീണ്ടും വീണ്ടും ഞാൻ കണ്ടാസ്വദിച്ചു. ഇടശ്ശേരി പതിവുപോലെ സ്നേഹമധുരമായ ഫലിതം പറഞ്ഞു. പക്ഷേ, പ്രശാന്ത സ്വരത്തിൽ! "താനീയിടെ നടക്കുന്നിടത്തൊക്കെ പ്രസംഗിക്കുന്നത് തന്റെ കവിത എഴുതുന്നത് താനല്ല, മറ്റൊരാളാണ് എന്നാണല്ലോ. ഇപ്പോൾ - ഞങ്ങൾ സാഹിത്യ പ്രവർത്തക സഹകരണസംഘം ഗൗരവപൂർവം ചിന്തിക്കുന്നത് തന്റെ പുസ്തകങ്ങളുടെ റോയൽറ്റി ഇനി ആർക്കാണ് കൊടുക്കേണ്ടത് എന്ന പ്രശ്നമാണ്. എന്തായാലും തനിക്കു തരാൻ നിവൃത്തിയില്ല. തീർച്ച."

എന്നാൽ അന്നത്തെ പ്രഭാഷണത്തിന്റെ റെക്കാർഡിങ് പിന്നീട് പ്ളേ ചെയ്തു നോക്കിയപ്പോൾ ഞങ്ങൾക്കതു തൃപ്തികരമായി തോന്നിയില്ല. അതിനാൽ പിറ്റേന്നു തന്നെ രാമചന്ദ്രമേനോനും ഞാനും കൂടി റെക്കാർഡറുംകൊണ്ട് പൊന്നാനിയിൽ ഇടശ്ശേരിയുടെ വീട്ടിൽചെന്ന് പ്രഭാഷണം റീറെക്കാർഡു ചെയ്യിച്ചു. ആ സന്ദർഭത്തിൽ അദ്ദേഹം ഞങ്ങൾക്ക് അവസാനമായി തന്നെ സൽക്കാരത്തിലെ പ്രധാന വിഭവമായ ചക്കവരട്ടിയതിന്റെ സ്വാദ് ഇപ്പോഴും നാവിന്മേൽ പറ്റിപ്പിടിച്ചു നിൽക്കുന്നു. ചെവിയിൽ പറ്റിപ്പിടിച്ചു നിൽക്കുന്നത് അദ്ദേഹം പറഞ്ഞ ഈ വാക്കുകളാണ്: "ഇപ്പോളെനിക്ക് അനാദി'യൊഴിച്ച് ഒരു പ്രസിദ്ധീകരണവും വായിച്ചു മുഴുവിക്കാൻ കഴിയുന്നില്ല. 'അനാദി'യിലുള്ളത് മുഴുവനും എനിക്കു മനസ്സിലാവുന്നുണ്ടോ എന്നു ചോദിച്ചാൽ ഉത്തരം പറയാൻ വിഷമിക്കും. പക്ഷേ, അതു വഴി തുറന്നു കിട്ടുന്ന ലോകം തികച്ചും വ്യത്യസ്തമാണ്. അതെന്നെ പിടിച്ചു നിർത്തുകയും രസിപ്പിക്കുകയും ചെയ്യുന്നു."

ജീവിതവും അതിനപ്പുറത്തുള്ള ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചിന്തകൾക്ക് താനറിയാതെ തന്റെ മനസ്സിൽ സ്ഥാനം ലഭിച്ചിരിക്കുന്നു എന്നല്ലേ അദ്ദേഹം എന്നോടപ്പോൾ പറഞ്ഞത്! ആ വാക്കുകളിലെ സത്യസന്ധത നൂറു ശതമാനം തെളിയിക്കപ്പെടുകയാണ് പെട്ടെന്നുള്ള അദ്ദേഹത്തിന്റെ മരണംവഴി സംഭവിച്ചതെന്ന് ഇപ്പോൾ തോന്നുന്നു.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള സങ്കല്പം പോലും ഒരാളെ പൂർവാധികം ഐശ്വര്യവാനാക്കിത്തീർക്കാമെന്നല്ലേ ഇടശ്ശേരി വാസ്തവത്തിൽ തെളിയിച്ചത് എന്നു തന്നെ ഞാനിപ്പോൾ ചിന്തിക്കുകയാണ്. ഒരുപക്ഷേ, ഈ അവബോധമാണ് ജന്മനാ തന്നെ ഇടശ്ശേരിയെ വലിയ കവിയാക്കിയതെന്നും പറയാം. അല്ലെങ്കിൽ ഒരാളുടെ ആദ്യത്തെ പുസ്തകത്തിലെ ആദ്യത്തെ കവിതയിൽ

"മർത്ത്യൻ സുന്ദരനാണു, കാരണമുയിർ-
ക്കൊള്ളും വികാരങ്ങൾ തൻ
നൃത്യത്തിന്നു മുതിർക്കുവാൻ സ്വയ-
മണിഞ്ഞിട്ടോരരങ്ങാണവൻ;
അത്യന്തം കമനീയമേ മഹിതമാ-
യാലും മറിച്ചാകിലും
തൽഭാവങ്ങളപൂർണമാണളവുകോ-
ലെന്നുള്ള കാലം വരെ."

എന്നൊരു ശ്ലോകം ഉണ്ടാകാൻ നിവൃത്തിയില്ല. ശരീരം ഒരു അരങ്ങു മാത്രമാണ്. തദതീതമായ ജീവചലനമാണ് വിസ്മയകരം, തന്മൂലം സുന്ദരവും എന്ന ഈ വീക്ഷണത്തിൽ 'ജീവോബ്രഹ്മൈവ' എന്ന ശാങ്കരദർശനത്തിന്റെ സാത്മീഭാവമില്ലയോ?

'അപൂർണമാണ്' എന്ന ഈ പദപ്രയോഗത്തിൽ ഇടശ്ശേരി പലപ്പോഴും വെളുത്ത വാവിനെ വ്യഞ്ജിപ്പിക്കാനുപയോഗിക്കാറുള്ള 'പൂർണിമാ' എന്ന പദം കുടികൊള്ളുന്നതായി പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്. അതോടൊപ്പം അപൂർണ ചന്ദ്രന്റെ പര്യായമായ 'കല' എന്ന പദവും എനിക്കോർമ വരും. എല്ലാ കലാവിദ്യയും മനുഷ്യഹൃദയത്തിന്റെ പൂർണതാന്വേഷണത്തിൽനിന്നു ജനിക്കുന്ന ഉല്പന്നങ്ങളാണെന്നായിരുന്നു ഇടശ്ശേരിയുടെ വിശ്വാസം. അളവുകോൽ അപൂർണമാണെന്നു പറയുന്നതെന്തുകൊണ്ടാണെന്ന് ആദ്യം എനിക്കു മനസ്സിലായില്ല. ആ അജ്ഞത ഞാൻ ഇടശ്ശേരിയുടെ മുൻപിൽ തുറന്നു കാണിക്കുകയും ചെയ്തു. അപ്പോളദ്ദേഹം ചെയ്തത് മേശപ്പുറത്തിരിക്കുന്ന രണ്ട് പുസ്തകങ്ങൾ നീളത്തിൽ അടുപ്പിച്ചുവെയ്ക്കുകയാണ്. എന്നിട്ടു പറഞ്ഞു: "എട്ടിഞ്ചാണ് ഒരു പുസ്തകത്തിന്റെ നീളമെങ്കിൽ ഇതിപ്പോൾ രണ്ടു പുസ്തകവും കൂടി പതിനാറിഞ്ചാണ്. നമ്മുടെ സ്കെയിലുകൊണ്ടളന്നാൽ പതിനാറ് ഇഞ്ച് എന്നു കാണുകയും പക്ഷേ, ഈ രണ്ട് പുസ്തകവും കൂട്ടിമുട്ടുന്ന രേഖയിൽ അല്പം വായു മണ്ഡലം അവശേഷിക്കുന്നു അതു കൃത്യമായി അളക്കാൻ നമ്മുടെ കൈയിലുള്ള സ്കെയിലിന് കഴിയുകയില്ല."

"നമ്മുടെ കൈയിലുള്ള സ്കെയിലിന് കഴിയില്ല. പക്ഷേ, അതും അളക്കാവുന്ന സ്കെയിലില്ലേ? ഇല്ലെങ്കിൽ ഉണ്ടാക്കാൻ കഴിയില്ലേ?"

"ആറ്റം ശക്തികൊണ്ട് പ്രവർത്തിക്കുന്ന ക്ളോക്കിനു പോലും സമയത്തെ കണിശമായി അളക്കാൻ കഴിയുന്നില്ല എന്ന് നമ്പൂര്യശ്ശന്ന് അറിയാമോ?" ഇടശ്ശേരി ചോദിച്ചു. മുപ്പത്തിനാല് വർഷം മുൻപ് നന്മയേത്, തിന്മയേത് എന്നു നിശ്ചയിക്കാനുള്ള എത്ര കണിശമായ ഉപാധിയും അപൂർണമാണ് എന്ന് വളരെ നേരത്തെ തന്നെ അനുഭവിച്ചറിഞ്ഞ ഇടശ്ശേരി തന്റെ വിസ്മയത്തിനു ഹേതുഭൂതമായ ജീവചലനത്തെ ഏതു രൂപത്തിൽ കണ്ടപ്പോഴും നമസ്കരിച്ചു. ആ ദീർഘ നമസ്കാരത്തിന്റെ കഥയായിരുന്നു ആ ജീവിതം.

ആ ദീർഘനമസ്കാരത്തിന്റെ ആഴവും പരപ്പുമാകട്ടെ സാധാരണ ദൃഷ്ടികൊണ്ട് ചികഞ്ഞെടുക്കാൻ കഴിയാത്തതുമായിരുന്നു. ഉദാഹരണത്തിന് ഒരനുഭവം പറയാം.

"യാഗശാലയിലേക്കു നടക്കുവി-
നാഗസ്വികളാ മാടുകളേ,
ബിംബിസാര നൃപൻ ദീക്ഷിപ്പൂ
നിങ്ങളെ മീളുമൊരധ്വരം"

എന്നു വായിച്ചപ്പോൾ 'ആഗസ്വികൾ' എന്ന വാക്കിന്റെ കാഠിന്യം കല്ലുകടിയായിത്തോന്നി. പക്ഷേ, പിന്നീട് ശാകുന്തളമെടുത്തു ചുമ്മാ വായിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ശ്ലോകം മനസ്സിൽ കൊണ്ടു:

"തൽ സാധു കൃതസന്ധാനം
പ്രതിസംഹാരസായകം
ആർത്തത്രാണായ വഃശസ്ത്രം
ന പ്രഹർത്തുമനാഗസി"

ഈ 'അനാഗസി' എന്ന പദമാണ് ഇടശ്ശേരിയെക്കൊണ്ട് 'ആഗസ്വികൾ' എന്നെഴുതിച്ചതെന്ന കാര്യത്തിൽ പിന്നീടെനിക്കു സംശയമുണ്ടായിട്ടില്ല. കാരണം, അതേ കവിതയിലെ,

"എനിക്കുമൊരു മാതുണ്ടായീ പ-
ണ്ടെന്നെ നൃപന്നു കൊടുത്തപ്പോൾ
കിട്ടിയ വിൽക്കാശപ്പടിയെന്നുടെ
കോന്തലയ്ക്കലുടക്കിയവൾ
അവൾക്കു കുളിരിനു കമ്പിളിനേടി-
പ്പിന്നീടെന്നോ ഞാൻ ചെൽകെ
ഒരട്ടിമണ്ണു പുതച്ചുകിടപ്പൂ
തീരാക്കടമേ മമ ജന്മം!"

എന്ന വരികളുടെ വൈകാരിക മൂർച്ഛയ്ക്കു കനംവെപ്പിക്കുന്നത് ഇടശ്ശേരിയുടെ ബാല്യകാല ജീവിതത്തിലെ ഒരു സംഭവമാണെന്ന് അറിയാവുന്നവർക്കറിയാം. ഇടശ്ശേരി തന്നെ പറഞ്ഞതാണ്: "അന്നു ഞാൻ ആലപ്പുഴയിലായിരുന്നു. മാസാന്തം കൈയിൽ അവശേഷിക്കുന്ന സംഖ്യ ഒരുറുപ്പികയാണ്. രണ്ടു മാസത്തെ തുക ഒന്നിച്ചു ചേർത്ത് ഒരു കമ്പിളി മേടിക്കാൻ സാധിച്ചപ്പോഉത്തെ സന്തോഷം വിവരിക്കാനാവില്ല. അമ്മ കുറ്റിപ്പുറത്തുണ്ട്. പ്രായമായി. പുതയ്ക്കാനൊരു കമ്പിളി കൊടുത്തയയ്ക്കണമെന്ന വിചാരം അവസാനം നിറവേറുകയാണ്. കുറ്റിപ്പുറത്തേയ്ക്കു പോവുകയായിരുന്ന ഒരു സ്നേഹിതൻ വശം കമ്പിളി അമ്മയ്ക്കു കൊടുത്തയച്ചു. പക്ഷേ, സ്നേഹിതന് പലേ ബദ്ധപ്പാടുകളുമുണ്ടായിരുന്നു. മാസങ്ങൾക്കു ശേഷമാണ് അയാൾക്കു കമ്പിളി വീട്ടിലെത്തിക്കാൻ സാധിച്ചത്. അതിനിടയിൽ അമ്മ ഇഹലോകവാസം വെടിഞ്ഞിട്ടുണ്ടായിരുന്നു. ഇതു പറഞ്ഞപ്പോഴും ഇടശ്ശേരിയുടെ കണ്ണുകൾ നിറയുകയേ ചെയ്തുള്ളു. വഴിഞ്ഞില്ല. അതുകൊണ്ടുതന്നെയാവണം 'തീരാക്കടമേ മമ ജന്മം' എന്നു വായിക്കുമ്പോൾ വായനക്കാരനായ ഞാൻ ഇന്നും കരയുന്നത്. സ്വന്തം അമ്മയെപ്പോലും താനല്ലാത്ത ഒരാളായിക്കാണുന്ന അദ്ദേഹത്തിന്റെ കടബോധം എങ്ങനെയൊക്കെ രൂപഭേദപ്പെട്ടു എന്നന്വേഷിക്കുമ്പോൾ നമ്മുടെ മുഖത്തു വന്നടിക്കുന്ന രണ്ടു വരികളുണ്ട്:

"കുഴൽ വെപ്പുതാങ്ങേണ്ടുമൊരുപിടിമൺപോലും-
കടമായിട്ടല്ലയോ കൈവരുന്നു?"

മരണംവരേയും തന്റേതായ രണ്ടടി മണ്ണിൽ കാൽകുത്താനിടയാകാത്ത ഒരാത്മാവിന്നു മാത്രമേ ഇതെഴുതാൻ കഴിയൂ എന്നു തോന്നിയിട്ടുണ്ട്.

ഇങ്ങനെ പ്രബലമായ കടബോധംകൊണ്ടാവാം, അതു വീട്ടാനുള്ള വഴിയെപ്പററിയുള്ള ചിന്തയും അദ്ദേഹത്തിന്റെ മനസ്സിൽ പ്രാതഃകാലങ്ങളിൽത്തന്നെ രൂപം പ്രാപിച്ചിരുന്നു. അന്യരോട് മുഴുവൻ ദയ; അവനവനോട് ക്രൂരത; അതായിരുന്നു ആ മാർഗം. ബുദ്ധമതത്തിന്റെ മുഴുവനും എന്നല്ല, ഭാരതീയചിന്തയുടെ തന്നെ മുഴുവനും ഉൾക്കൊള്ളുന്ന ഒരു മലയാളശ്ലോകമുണ്ടോ എന്നു ചോദിക്കുന്നവരുടെ മുഖത്തേയ്ക്കു വിട്ടുകൊടുക്കുവാനുള്ള ഒരേയൊരു മുക്തകത്തിന്റെ ജനനകഥയാണ് സൂചിപ്പിച്ചത്.

"ചോരക്കൈവാളിനൂണാമരിയൊരജകിശോ
രത്തെ മീളാൻ കുനിച്ചു-
ള്ളോരാക്കണ്ഠത്തിൽനിന്നൂറിനമൃദുകരുണാ-
വായ്പിലാഴുമ്പൊഴെല്ലാം
ഹാ രക്ഷയ്ക്കാത്മകർമം ശരണ,മിതരമി-
ല്ലി,ല്ലമാപ്പെ,ന്ന ഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ,
പിന്നെയും പിന്നെയും നീ"

അതുയർത്തപ്പെടുകതന്നെ ചെയ്തു. കാരണം സംസ്കാരം കഴിഞ്ഞു മടങ്ങുമ്പോൾ ബസ്സു

കേറുന്നതിനു മുൻപ് വൈലോപ്പിള്ളിയും സി.പി. ശ്രീധരനും ടി.വി. ശൂലപാണിവാരിയരും, പി. എം. പള്ളിപ്പാടും രാജൻ പള്ളിപ്പാടും കെ.വി. രാമകൃഷ്ണനും പുതൂർ ഉണ്ണികൃഷ്ണനും വി.ടി. വാസുദേവനും സി.വി. ഗോവിന്ദനും ഞാനും പൊന്നാനി കോടതിക്കരികെ കുറച്ചുനേരം തങ്ങുകയുണ്ടായി. അപ്പോൾ എന്റെ മനസ്സിൽ പൊന്തിവന്നത് ഇടശ്ശേരിയുടെ അസിസ്റ്റന്റു ഗുമസ്തന്മാർ പറഞ്ഞ ഒരു സംഗതിയാണ്. മരണത്തിന്റെ തലേ ദിവസം കോടതിയിൽ തന്റെ എഴുത്തുമുറിയിൽ ചെന്ന അദ്ദേഹം പെന്റിങ്ങിലിരിക്കുന്ന എല്ലാ കടലാസ്സുകളും എടുത്തുകൊണ്ടുവരാൻ പറഞ്ഞു. എഴുതിക്കൊടുക്കാനുള്ള എല്ലാ റിക്കാർഡുകളും അന്നെഴുതിക്കൊടുത്തു. അങ്ങനെ ചെയ്യാനുള്ള കാരണവും അദ്ദേഹം അസിസ്റ്റന്റുമാരെ ധരിപ്പിച്ചു: "മനുഷ്യൻ എപ്പോഴാണ് മരിച്ചുപോവുക എന്നറിഞ്ഞുകൂടാ; ഒരു കടവും ബാക്കിയാവണ്ട."

കിഴക്കുനിന്നുള്ള നിരത്തിലൂടെ പ്രഭാതം ഞങ്ങളുടെ നേരെ നടന്നുവരികയായിരുന്നു. അപ്പോൾ, കരഞ്ഞുതുടുത്ത മ്ലാനമായ മുഖത്തോടുകൂടി മഹാനായ കവി ഇടശ്ശേരിയ്ക്കുശേഷം ആദ്യത്തെ പ്രഭാതം. ഇനി വരുന്ന എല്ലാ പ്രഭാതവും ഇങ്ങനെ കരഞ്ഞു തുടുത്തതും മ്ലാനവും ആയിരിക്കും. എങ്കിൽ ഇടശ്ശേരി മരിച്ചുവോ? മരിക്കുമോ? അദ്ദേഹം ജീവിതം ശരിക്കും ആരംഭിക്കുകയല്ലേ അന്നു ചെയ്തത്? വാസുവിനെന്തു തോന്നുന്നു?

മാതൃഭൂമി